ഓട്ടോറിക്ഷകളുടെ രജിസ്ട്രേഷൻ സമയത്തും ഫിറ്റ്നസ് പരിശോധിക്കുമ്പോഴും റോഡിൽ വാഹന പരിശോധന നടത്തുന്ന അവസരങ്ങളിലും ഉറപ്പുവരുത്തുന്നുണ്ട്. മോട്ടോർ വാഹന വകുപ്പിന്റെ സർവ്വീസിനായി വരുന്ന എല്ലാ ഓട്ടോറിക്ഷകളിലും പ്രവർത്തനക്ഷമമായ മീറ്റർ ഘടിപ്പിച്ചതിനുശേഷം മാത്രമേ മോട്ടോർ വാഹന വകുപ്പിൽ നിന്ന് സർവ്വീസുകൾ ചെയ്യ്. കൊടുക്കാറുള്ളൂ. എല്ലാ ഡി.റ്റി.സി., ആർ.ടി.ഒ., ജോയിന്റ് ആർ.ടി.ഒ.-മാർക്കും ഇത് സംബന്ധിച്ച് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഫെയർ മീറ്ററിന്റെ നമ്പർ ആർ.സി. ബുക്കിൽ രേഖപ്പെടുത്തുകയും ചെയ്യുന്നുണ്ട്.

(ഡി) ഫെയർ മീറ്റർ ഘടിപ്പിക്കാത്തതും പ്രവർത്തിപ്പിക്കാത്തതുമായ വാഹനങ്ങൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്യുകയും പിഴ ഈടാക്കുകയും ചെയ്യുന്നുണ്ട്. 2014-15 കാലയളവിൽ 1581 ഓട്ടോറിക്ഷകൾക്കെതിരെ ചെക്ക് റിപ്പോർട്ടുകൾ തയ്യാറാക്കി പിഴ ഈടാക്കിയിട്ടുണ്ട്.

ബസ്/ഓട്ടോ/ടാക്സി/ടെമ്പോ ചാർജ്ജുകൾ

402 (380) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന മിനിമം ബസ്/ഓട്ടോ/ടാക്സി/ടെമ്പോ ചാർജ്ജുകൾ എത്രയെന്ന് വ്യക്തമാക്കാമോ; അന്ന് ഒരു ലിറ്റർ പെട്രോളിനും ഒരു ലിറ്റർ ഡീസലിനും എത്രവീതമായിരുന്നു വില എന്ന് വ്യക്തമാക്കാമോ; അന്ന് ടാക്സി ഇനത്തിൽ എത്ര രൂപവീതമായിരുന്നു ഒരു ലിറ്റർ പെട്രോൾ /ഡീസൽ വില്പനയിലൂടെ സംസ്ഥാന സർക്കാരിന് ലഭിച്ചിരുന്നത്;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര തവണ ബസ്/ ഓട്ടോ/ ടാക്സി/ടെമ്പോ നിരക്കുകളിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്; ഏതൊക്കെ തീയതികളിൽ, എത്ര രൂപ വീതമാണ് ഓരോ വിഭാഗത്തിലും വർദ്ധിപ്പിച്ചിട്ടുള്ളത്; നിരക്ക് വർദ്ധിപ്പിക്കുന്നതിനുണ്ടായ കാരണം; ആ സമയത്ത് പെട്രോൾ/ഡീസൽ വില ലിറ്ററിന് എത്ര രൂപ വീതമായിരുന്നു; ടാക്സിനത്തിൽ ഒരു ലിറ്റർ പെട്രോളിനും ഡീസലിനും എത്ര രൂപ വീതം സംസ്ഥാന സർക്കാരിന് ലഭിക്കുമായിരുന്നു;

(സി) ഈ സർക്കാരിന്റെ കാലത്ത് എത്ര തവണ ഡീസൽ/പെട്രോൾ വിലയിൽ കുറവ് വന്നിട്ടുണ്ട്; ഏതൊക്കെ തീയതികളിൽ; എത്ര വീതം കുറവാണ് വന്നിട്ടുള്ളത്;

GPM. 2/237/2020-119

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഡീസലിന്റെയും/പെട്രോളിന്റെയും വില വർദ്ധനവിന്റെ പേരിൽ വർദ്ധിപ്പിച്ച ബസ്/ ഓട്ടോ/ടാക്സി/ടെമ്പോ ചാർജ്ജുകൾ ഇതനുസരിച്ച് കുറയ്ക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന വിശദമാക്കാമോ;

(ഇ) വർദ്ധിപ്പിച്ച ബസ്/ഓട്ടോ/ടാക്സി/ടെമ്പോ നിരക്കുകൾ കുറയ്ക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ; ഇത്തരം കാര്യങ്ങൾ പരിശോധിക്കുന്നതിനും നടപ്പിൽ വരുത്തുന്നതിനുമായി ഒരു റെഗുലേറ്ററി കമ്മീഷനെ നിയമിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) 2011 മേയ് മാസത്തെ മിനിമം ബസ് ചാർജ്ജ്

സിറ്റി/ഓർഡിനറി	4
സിറ്റി ഫാസ്റ്റ്	5
ഫാസ്റ്റ് പാസഞ്ചർ/ലിമിറ്റഡ് സ്റ്റോപ്പ് ഫാസ്റ്റ് പാസഞ്ചർ	5
സൂപ്പർ ഫാസ്റ്റ്	10
സൂപ്പർ എക്സ്പ്രസ്	15
സൂപ്പർ ഡീലക്സ്	20
ലക്ഷ്വറി/ഹൈടെക് എ.സി.	30
വോൾവോ	30

ഓട്ടോ

മിനിമം ചാർജ്ജ് 12 രൂപ

കിലോമീറ്റർ നിരക്ക് 7 രൂപ

ടാക്സി

മിനിമം ചാർജ്ജ് 60 രൂപ (3 കിലോമീറ്റർ വരെ)

കിലോമീറ്റർ നിരക്ക് 8 രൂപ

ടെമ്പോ ചാർജ്ജ് സർക്കാർ നിശ്ചയിച്ചിട്ടില്ല.

അന്നത്തെ പെട്രോൾ/ഡീസൽ വില, നികുതി എന്നിവ സംബന്ധിച്ച് വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) ബസ് ചാർജ് - മൂന്നു തവണ. വിശദ വിവരം അനുബന്ധമായി

LIBRARY ARCHIVES Kerala Legislative Assembly

ചേർത്തിരിക്കുന്നു. *(അനുബന്ധം 1) ഓട്ടോ/ടാക്സി ചാർജ്ജുകൾ - രണ്ടു തവണ. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*. (അനുബന്ധം 2)

ടെമ്പോ ചാർജ് സർക്കാർ നിശ്ചയിച്ചിട്ടില്ല. ഡീസൽ, സ്പെയർ പാർട്സ് എന്നിവയുടെ വില, തൊഴിലാളികളുടെ വേതനം, ഇൻഷുറൻസ്, മെയിന്റനൻസ് ചെലവുകൾ ഇവയിലുള്ള വർദ്ധന എന്നിവ കാരണമാണ് നിരക്ക് വർദ്ധിപ്പിച്ചത്. ആ സമയത്ത് നിലവിലിരുന്ന പെട്രോൾ/ ഡീസൽ വില, നികുതി എന്നിവ സംബന്ധിച്ച് വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) ഡീസൽ വില അനുബന്ധമായി ചേർക്കുന്നു. *(അനുബന്ധം 3) പെട്രോൾ വില ശേഖരിച്ചു നൽകുന്നതാണ്.

(ഡി & ഇ) ഇന്ധനവില കുറഞ്ഞ സാഹചര്യത്തിൽ, നിരക്ക് കുറയ്ക്കുന്നത് സംബന്ധിച്ച് വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ജസ്റ്റിസ് രാമചന്ദ്രൻ കമ്മിറ്റിക്ക് നിർദ്ദേശം നൽകുകയും കമ്മിറ്റി വിവിധ മേഖലകളിൽ നിന്നും തെളിവെടുപ്പ് നടത്തി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇന്ധന വിലയിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ചാർജ് കുറയ്ക്കേണ്ടതില്ല എന്നാണ് കമ്മിറ്റി ശിപാർശ ചെയ്തിട്ടുള്ളത്. എന്നാൽ ഇന്ധന വിലയിൽ സ്ഥിരത ഉണ്ടാകുന്ന അവസ്ഥ വരുമ്പോൾ പരിഗണിക്കപ്പെടേണ്ടതായ എല്ലാ വശങ്ങളും പരിഗണിച്ചുകൊണ്ട് ബസ് ചാർജ്ജും ടാക്സി-ഓട്ടോറിക്ഷാ നിരക്കുകളും കുറയ്ക്കുന്ന കാര്യം സർക്കാരിന് ആലോചിക്കാവുന്നതാണെന്നും സമിതി ശിപാർശ ചെയ്യുകയുണ്ടായി. എന്നിരുന്നാലും ഇതര സംസ്ഥാനങ്ങളിൽ ചാർജ്ജ് കുറയ്ക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച് സർക്കാർ പരിശോധിച്ചു വരികയാണ്. ബസ് ചാർജ്ജും ടാക്സി/ഓട്ടോറിക്ഷാ നിരക്കുകളും കാലാകാലങ്ങളിൽ നിശ്ചയിക്കുന്നതിനായി റെഗുലേറ്ററി കമ്മീഷനെ നിയമിക്കുന്നതിനായുള്ള നിർദ്ദേശങ്ങൾ ഒന്നും ഇപ്പോൾ പരിഗണനയിലില്ല.

ബസ്/ടാക്സി/ഓട്ടോ ചാർജ്ജ് കുറയ്ക്കൽ

403 (381) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ധല വില ഉയർന്നപ്പോൾ വർദ്ധിപ്പിച്ച ബസ്/ടാക്സി/ഓട്ടോ ചാർജ്ജുകൾ ഇന്ധനവില ഗണ്യമായി കുറഞ്ഞ സാഹചര്യത്തിൽ പുനഃപരിശോധനയ്ക്ക് വിധേയമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇക്കാര്യത്തിൽ, ഇതുവരെ എന്ത് നടപടികൾ സ്വീകരിച്ചുവെന്നും ഇനി എന്തൊക്കെ നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്നും വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly